കേന്ദ്ര ഗവൺമെന്റ്
നിയമ മന്ത്രാലയം

# കോർട്ടലക്ഷ്യ ആക്റ്റ്, 1971

## (1971-ലെ 70-ാം ആക്റ്റ്)

**(1971 ഡിസംബർ 24-ാം തീയതി നിലവിലുള്ള പ്രകാരം)**

കേരള ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
തർജ്ജമ ചെയ്തത്

യൂണിയൻ ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
അംഗീകരിച്ചത്

യൂണിയൻ ഗവൺമെന്റിനുവേണ്ടി കേരള ഗവൺമെന്റ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1975

കേന്ദ്ര ഗവൺമെൻറ്

നിയമമന്ത്രാലയം

# കോർട്ടലക്ഷ്യ ആക്റ്റ്, 1971

(1971-ലെ 70-ാം ആക്റ്റ്)

കേരള ഔദ്യോഗിക ഭാഷാ (നിയമ നിർമ്മാണ) കമ്മീഷൻ
തർജ്ജമ ചെയ്തത്

യൂണിയൻ ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
അംഗീകരിച്ചത്

ണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
ആ പ്രസ്സിൽ അച്ചടിപ്പിച്ച് പ്രസിദ്ധീകരിക്കുന്നത്.

1975

# കോർട്ടലക്ഷ്യ ആക്റ്റ്, 1971

## (1971-ലെ 70-ാം ആക്റ്റ്)

[1971 ഡിസംബർ, 24]

കോർട്ടലക്ഷ്യങ്ങൾ ശിക്ഷിക്കപ്പെടുന്നതിനുള്ള ചില കോടതികളുടെ അധികാരങ്ങൾ നിർവ്വചിക്കുകയും ക്ലിപ്തപ്പെടുത്തുകയും ചെയ്യുന്നതിനും അത് സംബന്ധിച്ചുള്ള അവയുടെ നടപടിക്രമം വ്യവസ്ഥപ്പെടുത്തുന്നതിനും ഉള്ള ആക്റ്റ്.

ഇൻഡ്യൻ റിപ്പബ്ലിക്കിൻെറ 22-ാം സംവൽസരത്തിൽ പാർലമെൻറ് താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു :—

1. <u>ചുരുക്കപ്പേരും വ്യാപ്തിയും.</u>—(1) ഈ ആക്റ്റിന് കോർട്ടലക്ഷ്യ ആക്റ്റ്, 1971 എന്ന് പേർ പറയാവുന്നതാണ്.

(2) ഇത് ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാണ്:

എന്നാൽ ഈ ആക്റ്റ്, അതിലെ വ്യവസ്ഥകൾ സുപ്രീം കോടതിയെക്കുറിച്ചുള്ള കോർട്ടലക്ഷ്യം സംബന്ധിച്ചിടത്തോളം ഒഴികെ, ജമ്മു-കാശ്മീർ സ്റ്റേററിന് ബാധകമാകുന്നതല്ല.

2. <u>നിർവ്വചനങ്ങൾ.</u>—ഈ ആക്റ്റിൽ, സന്ദർഭം മററു വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) "കോർട്ടലക്ഷ്യ"ത്തിന് സിവിൽ അലക്ഷ്യം അല്ലെങ്കിൽ ക്രിമിനൽ അലക്ഷ്യം എന്ന് അർത്ഥമാകുന്നു ;

(ഖ) "സിവിൽ അലക്ഷ്യ"ത്തിന് ഒരു കോടതിയുടെ ഏതെങ്കിലും വിധിന്യായമോ, വിധിയോ, നിദേശമോ, ഉത്തരവോ, റിട്ടോ, മററ് പ്രാസസ്സോ മനഃപൂർവ്വം അനുസരിക്കാതിരിക്കുന്നത്, അല്ലെങ്കിൽ ഒരു കോടതിക്ക് നല്കിയിട്ടുള്ള ഏല്ക്കൽ മനഃപൂർവ്വം ലംഘിക്കുന്നത്, എന്ന് അർത്ഥമാകുന്നു;

(ഗ) "ക്രിമിനൽ അലക്ഷ്യ"ത്തിന്

(i) ഏതെങ്കിലും കോടതിയെ അപവദിക്കുന്നതോ അപവദിക്കാൻ പ്രവണതയുള്ളതോ അല്ലെങ്കിൽ അതിൻെറ അധികാരശക്തി താഴ്ത്തുന്നതോ താഴ്ത്താൻ പ്രവണതയുള്ളതോ; അല്ലെങ്കിൽ

(ii) ഏതെങ്കിലും നീതിന്യായ നടപടിയുടെ മുറപ്രകാരമുള്ള ഗതിക്ക് ഭംഗം വരുത്തുന്നതോ അല്ലെങ്കിൽ അതിൽ ഇടപെടുന്നതോ ഇടപെടാൻ പ്രവണതയുള്ളതോ ; അല്ലെങ്കിൽ

(iii) മറേറതെങ്കിലും രീതിയിൽ നീതിന്യായ ഭരണത്തിൽ ഇടപെടുന്നതോ അല്ലെങ്കിൽ ഇടപെടാൻ പ്രവണതയുള്ളതോ അല്ലെങ്കിൽ അതിനെ തടസ്സപ്പെടുത്തുന്നതോ തടസ്സപ്പെടുത്താൻ പ്രവണതയുള്ളതോ, ആയ ഏതെങ്കിലും വിഷയം പ്രസിദ്ധപ്പെടുത്തുന്നത് (പറയപ്പെടുന്നതോ ലിഖിതമായതോ ആയ വാക്കുകളാലോ, ആംഗ്യങ്ങളാലോ, ദൃശ്യമായ പ്രതിരൂപങ്ങളാലോ, മററു

2608/TP

വിധത്തിലോആയാലും), അല്ലെങ്കിൽ മറേറതെങ്കിലും കൃത്യം, അത് എന്തു തന്നെ ആയാലും, ചെയ്യുന്നത് എന്ന് അർത്ഥമാകുന്നു ;

(ഘ) "ഹൈക്കോടതി"ക്ക് ഒരു സ്റേററിനോ യൂണിയൻ രാജ്യക്ഷേത്രത്തിനോ ഉള്ള ഹൈക്കോടതി എന്ന് അർത്ഥമാകുന്നതും, അതിൽ ഏതെങ്കിലും യൂണിയൻ രാജ്യ ക്ഷേത്രത്തിലെ ജുഡീഷ്യൽ കമ്മീഷണറുടെ കോടതി ഉൾപ്പെടുന്നതും ആകുന്നു.

3. വിഷയത്തിൻെറ നിർദ്ദോഷമായ പ്രസിദ്ധീകരണവും വിതരണവും അലക്ഷ്യമല്ലെന്ന്.—(1) ഒരാൾ, പ്രസിദ്ധീകരണ സമയത്ത് നിലവിലിരിക്കുന്ന ഏതെങ്കിലും സിവിലോ ക്രിമിനലോ ആയ നടപടി സംബന്ധിച്ച് നീതിന്യായഗതിയിൽ ഇടപെടുന്നതോ ഇടപെടാൻ പ്രവണതയുള്ളതോ തടസ്സപ്പെടുത്തുന്നതോ തടസ്സപ്പെടുത്താൻ പ്രവണതയുള്ളതോ ആയ ഏതെങ്കിലും വിഷയം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെന്നുള്ള കാരണത്താൽ (പറയപ്പെടുന്നതോ ലിഖിതമായതോ ആയ വാക്കുകളാലോ ആംഗ്യങ്ങളാലോ ദൃശ്യമായ പ്രതിരൂപങ്ങളാലോ മററു വിധത്തിലോ ആയാലും), ആ നടപടി നിലവിലുണ്ടെന്ന് വിശ്വസിക്കാൻ അയാൾക്ക് ന്യായമായ കാരണങ്ങൾ ആ സമയത്ത് ഇല്ലായിരുന്നു എങ്കിൽ, കോർട്ടലക്ഷ്യത്തിന് അപരാധിയാകുന്നതല്ല.

(2) ഈ ആക്ററിലോ അല്ലെങ്കിൽ തൽസമയം പ്രാബല്യത്തിലുള്ള മറേറതെങ്കിലും നിയമത്തിലോ വിപരീതമായി എന്തുതന്നെ അടങ്ങിയിരുന്നാലും, ഏതെങ്കിലും സിവിലോ ക്രിമിനലോ നടപടി സംബന്ധിച്ച് (1)-ാം ഉപവകുപ്പിൽ പറഞ്ഞതുപോലെയുള്ള പ്രസിദ്ധീകരണ സമയത്ത് നിലവിലില്ലാത്ത ഏതെങ്കിലും വിഷയം പ്രസിദ്ധപ്പെടുത്തുന്നത്, കോർട്ടലക്ഷ്യമാകുന്നതായി കരുതപ്പെടുന്നതല്ല.

(3) ഒരാൾ (1)-ാം ഉപവകുപ്പിൽ പറഞ്ഞതുപോലെയുള്ള ഏതെങ്കിലും വിഷയം അടങ്ങിയിട്ടുള്ള ഒരു പ്രസിദ്ധീകരണം വിതരണം ചെയ്തിട്ടുണ്ടെന്ന കാരണത്താൽ, അതിൽ മുൻപറഞ്ഞതുപോലെയുള്ള ഏതെങ്കിലും വിഷയം അടങ്ങിയിട്ടുണ്ടെന്നോ അടങ്ങിയിരിക്കാൻ ഇടയുണ്ടെന്നോ വിശ്വസിക്കാൻ അയാൾക്ക് ന്യായമായ കാരണങ്ങൾ, അങ്ങനെ വിതരണം ചെയ്ത സമയത്ത് ഇല്ലാതിരുന്നു എങ്കിൽ, കോർട്ടലക്ഷ്യത്തിന് അപരാധിയാകുന്നതല്ല :

എന്നാൽ ഈ ഉപവകുപ്പ്—

(i) പ്രസ്സും പുസ്തകങ്ങളുടെ രജിസ്ട്രേഷനും ആക്ററ്, (1867 ലെ 25) 1867-ലെ 3-ാം വകുപ്പിൽ അടങ്ങിയ ചട്ടങ്ങൾക്ക് അനുരൂപമല്ലാത്ത വിധത്തിൽ അച്ചടിക്കുകയോ പ്രസിദ്ധപ്പെടുത്തുകയോ ചെയ്യുന്ന പുസ്തകമോ പത്രമോ ആയ ഏതെങ്കിലും പ്രസിദ്ധീകരണത്തിൻേറയോ,

(ii) മേല്പറഞ്ഞ ആക്ററിലെ 3-ാം വകുപ്പിൽ അടങ്ങിയ ചട്ടങ്ങൾക്ക് അനുരൂപമല്ലാത്ത വിധത്തിൽ പ്രസിദ്ധീകരിക്കുന്ന ഒരു വർത്തമാനപ്പത്രമായ ഏതെങ്കിലും പ്രസിദ്ധീകരണത്തിൻേറയോ,

വിതരണം സംബന്ധിച്ച് ബാധകമാകുന്നതല്ല.

വിശദീകരണം :—ഈ വകുപ്പിൻെറ ആവശ്യത്തിലേക്ക —

(ക) ഒരു നീതിന്യായ നടപടി—

(ക) ഒരു സിവിൽ നടപടിയുടെ സംഗതിയിൽ, അത് ഒരു അന്യായം ഫയൽ ചെയ്യുന്നതു വഴിയോ മററു വിധത്തിലോ ആരംഭിക്കുമ്പോഴും :

(ഖ) ക്രിമിനൽ നടപടി നിയമസംഹിത, 1898-ൻേറയോ മറേറതെങ്കിലും നിയമത്തിൻേറയോ കീഴിലുള്ള ഒരു ക്രിമിനൽ നടപടിയുടെ സംഗതിയിൽ—

(i) അത് ഒരു കുററം ചെയ്തത് സംബന്ധിച്ചായിരിക്കുന്നിടത്ത്, ചാർജ്ഷീറോ അല്ലെങ്കിൽ ചല്ലാനോ ഫയൽ ചെയ്യുമ്പോഴും അല്ലെങ്കിൽ കോടതി കുററക്കാരന് എതിരായി, അതതു സംഗതിപോലെ, സമൻസോ, വാറണ്ടോ പുറപ്പെടുവിക്കുമ്പോഴും,

(ii) മറേറതെങ്കിലും സംഗതിയിൽ, ആ നടപടി ഏത് വിഷയം സംബന്ധിച്ചുള്ളതാണോ, ആ വിഷയം കോടതി നടപടിക്കെടുക്കുമ്പോഴും,

നിലവിലിരിക്കുന്നതായി പറയപ്പെടുന്നതും, സിവിലോ ക്രിമിനലോ ആയ ഒരു നടപടിയുടെ സംഗതിയിൽ, അത് കേൾക്കുകയും അവസാനമായി തീരുമാനിക്കുകയും ചെയ്യുന്നതുവരെ, അതായത്, ഒരു അപ്പീലിനോ റിവിഷനോ ക്ഷമത ഉണ്ടായിരിക്കുന്ന സംഗതിയിൽ, ആ അപ്പീലോ റിവിഷനോ കേൾക്കുകയും അവസാനമായി തീരുമാനിക്കുകയും ചെയ്യുന്നതുവരേയോ, അപ്പീലോ റിവിഷനോ ബോധിപ്പിക്കാത്തിടത്ത്, അങ്ങനെയുള്ള അപ്പീലിനോ റിവിഷനോ നിർണ്ണയിച്ചിട്ടുള്ള കാലഹരണാവധി കഴിയുന്നതുവരേയോ തുടർന്ന് നിലവിലിരിക്കുന്നതായി കരുതപ്പെടുന്നതും ;

(ഖ) കേൾക്കുകയും അവസാനമായി തീരുമാനിക്കുകയും ചെയ്തിട്ടുള്ള ഒരു നീതിന്യായ നടപടി, അതിൽ പാസ്സാക്കിയിട്ടുള്ള വിധിയുടേയോ ഉത്തരവിൻേറയോ / ശിക്ഷാവിധിയുടേയോ നടത്തൽ നടപടികൾ നിലവിലുണ്ടെന്നുള്ള കാരണത്താൽ മാത്രം നിലവിലിരിക്കുന്നതായി കരുതപ്പെടുന്നതല്ലാത്തതും,

ആകുന്നു.

4. നീതിന്യായ നടപടിയുടെ നീതിപൂർവ്വകവും കൃത്യവുമായ റിപ്പോർട്ട് അലക്ഷ്യം അല്ല.—7-ാം വകുപ്പിൽ അടങ്ങിയ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു നീതിന്യായ നടപടിയുടേയോ അതിൻെറ ഏതെങ്കിലും ഘട്ടത്തിൻേറയോ നീതിപൂർവ്വകവും കൃത്യവുമായ ഒരു റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തുന്നതുകൊണ്ട് ഒരാൾ കോർട്ടലക്ഷ്യത്തിന് അപരാധിയാകുന്നതല്ല.

5. നീതിന്യായപരമായ കൃത്യത്തിൻെറ നീതിപൂർവ്വകമായ വിമർശനം അലക്ഷ്യമല്ല.—കേൾക്കുകയും അവസാനമായി തീരുമാനിക്കുകയും ചെയ്ത ഏതെങ്കിലും കേസിൻെറ ഗുണദോഷങ്ങളെപ്പററി ഏതെങ്കിലും നീതിപൂർവ്വകമായ വിമർശനം പ്രസിദ്ധപ്പെടുത്തുന്നതുകൊണ്ട് ഒരാൾ കോർട്ടലക്ഷ്യത്തിന് അപരാധിയാകുന്നതല്ല.

6. കീഴ്ക്കോടതികളുടെ അദ്ധ്യക്ഷത വഹിക്കുന്ന ഉദ്യോഗസ്ഥൻമാർക്ക് എതിരായുള്ള പരാതി എപ്പോൾ കോർട്ടലക്ഷ്യമല്ലെന്ന്.—ഒരാൾ,—

(ക) മറേറതെങ്കിലും കീഴ്ക്കോടതിയോടോ ; അല്ലെങ്കിൽ

(ഖ) ഹൈക്കോടതിയോടോ, അതിന്ന് കീഴിലുള്ള ഏതെങ്കിലും കീഴ്ക്കോടതിയുടെ അദ്ധ്യക്ഷത വഹിക്കുന്ന ഉദ്യോഗസ്ഥനെക്കുറിച്ച്, താൻ ഉത്തമവിശ്വാസപൂർവ്വം ചെയ്യുന്ന ഏതെങ്കിലും പ്രസ്താവന സംബന്ധിച്ച് കോർട്ടലക്ഷ്യത്തിന് അപരാധിയാകുന്നതല്ല.

വിശദീകരണം :—ഈ വകുപ്പിൽ, "കീഴ്ക്കോടതി"ക്ക് ഹൈക്കോടതിക്ക് കീഴിലുള്ള ഏതെങ്കിലും കോടതി എന്ന് അർത്ഥമാകുന്നു.

7. ചെയിമ്പറിൽ വച്ചോ സ്വകാര്യമായോ നടത്തുന്ന നടപടികളെ സംബന്ധിച്ച വിവരത്തിന്റെ പ്രസിദ്ധീകരണം ചില സംഗതികളിലൊഴികെ കോർട്ടലക്ഷ്യമല്ലെന്ന്.—(1) ഈ ആക്ററിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ചെയിമ്പറിൽ വച്ചോ സ്വകാര്യമായോ ഉപവിഷ്ടമായിരിക്കുന്ന ഏതെങ്കിലും കോടതി മുമ്പാകെയുള്ള ഒരു നീതിന്യായ നടപടിയുടെ നീതിപൂർവ്വകവും കൃത്യവും ആയ ഒരു റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തുന്നതുകൊണ്ട് താഴെ പറയുന്ന സംഗതികളിലൊഴികെ, ഒരാൾ കോർട്ടലക്ഷ്യത്തിന് അപരാധിയാകുന്നതല്ല, അതായത്,—

(ക) ആ പ്രസിദ്ധീകരണം, തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും അധിനിയമത്തിലെ വ്യവസ്ഥകൾക്ക് വിപരീതമായിരിക്കുന്നിടത്ത്;

(ഖ) കോടതി, പബ്ലിക് പാളിസി കാരണമായോ അല്ലെങ്കിൽ കോടതിയിൽ നിക്ഷിപ്തമായിട്ടുള്ള ഏതെങ്കിലും അധികാരത്തിന്റെ പ്രയോഗത്തിലോ, ആ നടപടി സംബന്ധിച്ച എല്ലാ വിവരത്തിന്റേയുമോ പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന തരത്തിലുള്ള വിവരത്തിന്റേയോ പ്രസിദ്ധീകരണം പ്രകടമായും നിരോധിക്കുന്നിടത്ത് ;

(ഗ) കോടതി, പൊതുസമാധാനത്തോടോ സ്റേററിന്റെ സുരക്ഷിതത്വത്തോടോ ബന്ധപ്പെട്ട കാരണങ്ങളിൽ ചെയിമ്പറിൽവച്ചോ സ്വകാര്യമായോ ഉപവേശിക്കുന്നിടത്ത്, ആ നടപടികൾ സംബന്ധിച്ച വിവരത്തിന്റെ പ്രസിദ്ധീകരണം ;

(ഘ) ആ വിവരം ആ നടപടികളിലെ വിവാദ്യ വിഷയമായിട്ടുള്ള ഒരു രഹസ്യമായ പ്രക്രിയയേയോ, കണ്ടെത്തലിനേയോ, കണ്ടുപിടിത്തത്തേയോ സംബന്ധിക്കുന്നതാകുന്നിടത്ത്.

(2) (1)-ാം ഉപവകുപ്പിൽ അടങ്ങിയ വ്യവസ്ഥകൾക്ക് ഭംഗം വരാത്ത വിധത്തിൽ ചെയിമ്പറിൽ വച്ചോ സ്വകാര്യമായോ കൂടുന്ന ഒരു കോടതി പുറപ്പെടുവിക്കുന്ന ഒരു ഉത്തരവിന്റെ പാഠമോ, മുഴുവൻ ഉത്തരവിന്റേയോ അതിന്റെ ഏതെങ്കിലും ഭാഗത്തിന്റേയോ നീതിപൂർവ്വകവും കൃത്യവുമായ ഒരു സംക്ഷേപമോ പ്രസിദ്ധപ്പെടുത്തുന്നതിന്, ഒരാൾ അതിന്റെ പ്രസിദ്ധീകരണം, കോടതി പബ്ലിക് പാളിസി കാരണമായോ അല്ലെങ്കിൽ പൊതുസമാധാനത്തോടോ സ്റേററിന്റെ സുരക്ഷിതത്വത്തോടോ ബന്ധപ്പെട്ട കാരണങ്ങളാലോ, അല്ലെങ്കിൽ ഒരു രഹസ്യമായ പ്രക്രിയയോ, കണ്ടെത്തലോ അല്ലെങ്കിൽ കണ്ടുപിടിത്തമോ സംബന്ധിക്കുന്ന വിവരം അതിൽ അടങ്ങിയിട്ടുണ്ടെന്ന കാരണത്താലോ, അല്ലെങ്കിൽ കോടതിയിൽ നിക്ഷിപ്തമായിട്ടുള്ള ഏതെങ്കിലും അധികാരം പ്രയോഗിച്ചോ പ്രകടമായി നിരോധിച്ചിട്ടില്ലാത്തപക്ഷം, കോർട്ടലക്ഷ്യത്തിന് അപരാധിയാകുന്നതല്ല.

8. മററ് പ്രതിവാദങ്ങളെ ബാധിക്കുന്നതല്ലെന്ന്.—ഈ ആക്ററിൽ അടങ്ങിയ യാതൊന്നിനും, കോർട്ടലക്ഷ്യത്തിനുള്ള ഏതെങ്കിലും നടപടികളിൽ സാധുവായ പ്രതിവാദമാകുമായിരുന്ന മറേറതെങ്കിലും പ്രതിവാദം, ഈ ആക്ററിലെ വ്യവസ്ഥകൾ കാരണമായി മാത്രം, ലഭ്യമല്ലാതായിത്തീർന്നിട്ടുണ്ടെന്ന് അർത്ഥം കല്പിക്കാൻ പാടുള്ളതല്ല.

9. ആക്ററ് അലക്ഷ്യത്തിന്റെ പരിധി വിപുലപ്പെടുത്തുന്നതായി വ്യഞ്ജിപ്പിക്കുന്നില്ലെന്ന്.—ഈ ആക്ററിൽ അടങ്ങിയിട്ടുള്ള യാതൊന്നിനും, ഈ ആക്ററിനെ അപേക്ഷിക്കാതെ കോർട്ടലക്ഷ്യമായി ശിക്ഷിക്കാവുന്നതല്ലാത്ത ഏതെങ്കിലും അനുസരിക്കാതിരിക്കലിനേയോ, ലംഘനത്തേയോ, പ്രസിദ്ധീകരണത്തേയോ, മററ് കൃത്യത്തേയോ അപ്രകാരം ശിക്ഷിക്കാവുന്നതാണെന്ന് വ്യഞ്ജിപ്പിക്കുന്നതായി അർത്ഥം കല്പിക്കാൻ പാടുള്ളതല്ല.

10. കീഴ്ക്കോടതികളെക്കുറിച്ചുള്ള കോർട്ടലക്ഷ്യങ്ങളെ ശിക്ഷിക്കുന്നതിന് ഹൈക്കോടതിക്കുള്ള അധികാരം.—ഏതൊരു ഹൈക്കോടതിക്കും, അതിനെത്തന്നെ കുറിച്ചുള്ള കോർട്ടലക്ഷ്യങ്ങൾ സംബന്ധിച്ച് അതിനുള്ളതും, അത് പ്രയോഗിക്കുന്നതും ആയ അതേ അധികാരിതയും, അധികാരങ്ങളും, പ്രാധികാരവും അതിന്റെ കീഴ്ക്കോടതികളെ കുറിച്ചുള്ള കോർട്ടലക്ഷ്യങ്ങൾ സംബന്ധിച്ചുള്ള, അതേ നടപടിക്രമത്തിനും പതിവിനും അനുസൃതമായി ഉണ്ടായിരിക്കുന്നതും, പ്രയോഗിക്കാവുന്നതും ആണ്:

എന്നാൽ യാതൊരു ഹൈക്കോടതിയും, അതിന്റെ ഒരു കീഴ്ക്കോടതിയെ സംബന്ധിച്ച് ചെയ്തതായി ആരോപിക്കപ്പെട്ടിട്ടുള്ള ഒരു കോർട്ടലക്ഷ്യം, അങ്ങനെയുള്ള കോർട്ടലക്ഷ്യം ഇൻഡ്യൻ ശിക്ഷാ നിയമസംഹിതയ്ക്കു (1860- ലെ 45) കീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഒരു കുററം ആയിരിക്കുന്നിടത്ത്, നടപടിക്ക് എടുക്കാൻ പാടുള്ളതല്ല.

11. അധികാരിതയ്ക്ക് പുറത്തുവച്ച് ചെയ്ത കുററങ്ങളേയോ അല്ലെങ്കിൽ പുറത്തു കണ്ടെത്തുന്ന കുററക്കാരേയോ വിചാരണ ചെയ്യാൻ ഹൈക്കോടതിക്കുള്ള അധികാരം.—ഒരു ഹൈക്കോടതിക്ക് അതിനെത്തന്നെയോ അതിന്റെ ഏതെങ്കിലും കീഴ്ക്കോടതിയേയോ സംബന്ധിക്കുന്ന അലക്ഷ്യത്തെക്കുറിച്ച് അന്വേഷിക്കുന്നതിനോ അലക്ഷ്യം വിചാരണ ചെയ്യുന്നതിനോ ആ അലക്ഷ്യം അതിന്റെ അധികാരിതയുടെ തദ്ദേശാതിർത്തിക്കകത്തോ പുറത്തോ വച്ചു ചെയ്തിരുന്നതായി ആരോപിക്കപ്പെടുന്നതായാലും, അലക്ഷ്യത്തിന് അപരാധിയാണെന്ന് ആരോപിക്കപ്പെട്ട ആൾ അങ്ങനെയുള്ള അതിർത്തിക്ക് അകത്തോ പുറത്തോ ആയിരുന്നാലും അധികാരിത ഉണ്ടായിരിക്കുന്നതാണ്.

12. കോർട്ടലക്ഷ്യത്തിനുള്ള ശിക്ഷ.—(1) ഈ ആക്ററിലോ മറേറതെങ്കിലും നിയമത്തിലോ മററു വിധത്തിൽ പ്രകടമായി വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമല്ലാതെ, ഒരു കോർട്ടലക്ഷ്യം ആറുമാസം ത്താളമാകാവുന്ന കാലത്തെ വെറും തടവോ, രണ്ടായിരം രൂപയോളമാകാവുന്ന പിഴശിക്ഷയോ, രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടാവുന്നതാണ്; എന്നാൽ കോടതിക്ക് അതിനെ തൃപ്തിപ്പെടുത്തുന്നവിധം ക്ഷമായാചനം ചെയ്താൽ കുററാരോപണം ചെയ്യപ്പെട്ട ആൾ വിമോചിപ്പിക്കപ്പെടുകയോ നല്കിയ ശിക്ഷ ഇളവു ചെയ്യപ്പെടുകയോ ചെയ്യാവുന്നതാണ്.

വിശദീകരണം :—ഒരു ക്ഷമായാചനം, അത് കുററം ആരോപിക്കപ്പെട്ട ആൾ ഉത്തമവിശ്വാസപൂർവ്വം ചെയ്യുന്നു എങ്കിൽ, അത് വിശേഷിതമോ സോപാധികമോ ആണെന്ന കാരണത്താൽ മാത്രം, നിരസിക്കാൻ പാടുള്ളതല്ല.

(2) തൽസമയം പ്രാബല്യത്തിലിരിക്കുന്ന ഏതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, യാതൊരു കോടതിയും അതിനെത്തന്നെയോ അതിന്റെ ഒരു കീഴ്ക്കോടതിയേയോ സംബന്ധിച്ച ഏതെങ്കിലും അലക്ഷ്യ

ത്തിന് (1)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചതിൽ കവിഞ്ഞ ഒരു ശിക്ഷാവിധി ചുമത്താൻ പാടുള്ളതല്ല.

(3) ഈ വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഒരാൾ ഒരു സിവിൽ അലക്ഷ്യത്തിന് അപരാധിയാണെന്ന് കാണുന്നിടത്ത്, ഒരു പിഴശിക്ഷ നീതിയുടെ ലക്ഷ്യം നിറവേററുകയില്ലെന്നും തടവുശിക്ഷാവിധി ആവശ്യമാണെന്നും കരുതുന്നു എങ്കിൽ, കോടതി, അയാളെ വെറും തടവിനു ശിക്ഷിക്കുന്നതിന പകരം കോടതിക്ക് യുക്തമെന്ന് തോന്നുന്നതും ആറു മാസത്തിൽ കവിയാത്തതും ആയ ഒരു കാലത്തേക്ക് സിവിൽ ജയിലിൽ തടങ്ങലിൽ വയ്ക്കാൻ നിദേശിക്കേണ്ടതുമാകുന്നു.

(4) ഒരു കോടതിക്ക് നല്കിയ ഒരു ഏല്ക്കൽ സംബന്ധിച്ച് കോർട്ടലക്ഷ്യത്തിന് അപരാധിയാണെന്ന് കാണുന്ന ആൾ ഒരു കമ്പനിയായിരിക്കുന്നിടത്ത്, ആ അലക്ഷ്യം ചെയ്തസമയത്ത്, ആ കമ്പനിയുടെ ബിസിനസ്സിൻെറ നടത്തിപ്പിനുവേണ്ടി കമ്പനിയുടെ ചാർജ്ജ് ഉണ്ടായിരിക്കുകയും കമ്പനിയോട് ഉത്തരവാദപ്പെട്ടിരിക്കുകയും ചെയ്ത ഏതൊരാളും, കൂടാതെ കമ്പനിയും ആ അലക്ഷ്യത്തിന് അപരാധിയാണെന്ന് കരുതപ്പെടുന്നതും, ശിക്ഷ, കോടതിയുടെ അനുവാദത്തോടുകൂടി, അങ്ങനെയുള്ള ഓരോ ആളേയും സിവിൽ ജയിലിൽ തടങ്കലിൽവച്ച് പ്രാവർത്തികമാക്കാവുന്നതും ആണ്:

എന്നാൽ ഈ ഉപവകുപ്പിൽ അടങ്ങിയ യാതൊന്നും, അങ്ങനെയുള്ള ഏതെങ്കിലും ആളെ, തൻെറ അറിവുകൂടാതെയാണ് ആ അലക്ഷ്യം ചെയ്തിട്ടുള്ളതെന്നോ അല്ലെങ്കിൽ അത് ചെയ്യുന്നത് തടയാൻ താൻ വേണ്ടത്ര എല്ലാ ശ്രദ്ധയും ചെലുത്തുകയുണ്ടായെന്നോ അയാൾ തെളിയിക്കുന്നു എങ്കിൽ, അങ്ങനെയുള്ള ശിക്ഷയ്ക്ക് അർഹനാകുന്നതല്ല.

(5) (4)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, അതിൽ പരാമർശിച്ച കോർട്ടലക്ഷ്യം ചെയ്തിട്ടുള്ളത് ഒരു കമ്പനിയായിരിക്കുകയും, ആ അലക്ഷ്യം, ആ കമ്പനിയിലെ ഏതെങ്കിലും ഡയറക്ടറുടേയോ, മാനേജരുടേയോ, സെക്രട്ടറിയുടേയോ മററു ഉദ്യോഗസ്ഥൻെറയോ സമ്മതത്തോടേയോ മൗനാനുവാദത്തോടേയോ ചെയ്തിട്ടുള്ളതാണെന്നോ അല്ലെങ്കിൽ അവരുടെ ഭാഗത്തുനിന്നുള്ള ഏതെങ്കിലും ഉപേക്ഷയാലാണെന്ന് കല്പിക്കപ്പെടാവുന്നതാണെന്നോ, തെളിയിക്കുകയും ചെയ്യുന്നിടത്ത്, അങ്ങനെയുള്ള ഡയറക്ടറോ, മാനേജരോ, സെക്രട്ടറിയോ, മററ് ഉദ്യോഗസ്ഥനോ കൂടി ആ അലക്ഷ്യത്തിന് അപരാധിയാണെന്ന് കരുതപ്പെടുന്നതും, ശിക്ഷ കോടതിയുടെ അനുവാദത്തോടുകൂടി അങ്ങനെയുള്ള ഡയറക്ടറേയോ, മാനേജരേയോ, സെക്രട്ടറിയേയോ, മററു ഉദ്യോഗസ്ഥനേയോ സിവിൽ ജയിലിൽ തടങ്ങലിൽ വച്ച് പ്രാവർത്തികമാക്കാവുന്നതും ആണ്.

വിശദീകരണം.—(4)-ം (5)-ം ഉപവകുപ്പുകളുടെ ആവശ്യത്തിന്,—

(ക) "കമ്പനി"ക്ക് ഏതെങ്കിലും ഏകാംഗീകൃതനികായമെന്ന് അർത്ഥമാകുന്നതും അതിൽ ഒരു ഫേമോ വ്യക്തികളുടെ മററു സമാജമോ ഉൾപ്പെടുന്നതും;

(ഖ) ഒരു ഫേം സംബന്ധിച്ച് "ഡയറക്ടർ"ക്ക് ഫേമിലെ പങ്കാളി ആകുന്നു, എന്ന അർത്ഥം ആകുന്നതും,

ആകുന്നു.

13. <u>അലക്ഷ്യം ചില സംഗതികളിൽ ശിക്ഷിക്കപ്പെടാവുന്നതല്ലെന്ന്.</u>— യാതൊരു കോടതിയും ഒരു കോർട്ടലക്ഷ്യത്തിന് ആ അലക്ഷ്യം നീതിന്യായത്തിൻെറ മുറപ്രകാരമുള്ള ഗതിയിൽ സാരമായി ഇടപെടുന്നതോ സാരമായി ഇട

പെടാൻ പ്രവണതയുള്ളതോ ആയ പ്രകൃതത്തോടുകൂടിയതാണെന്ന് കോടതിക്ക് ബോദ്ധ്യമാകാത്തപക്ഷം, തൽസമയം പ്രാബല്യത്തിലിരിക്കുന്ന ഏതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിൻകീഴിൽ ഒരു ശിക്ഷാവിധി ചുമത്താൻ പാടുള്ളതല്ല.

14. അലക്ഷ്യം സുപ്രീം കോടതിയുടേയോ ഒരു ഹൈക്കോടതിയുടേയോ മുമ്പാകെ വച്ചായിരിക്കുന്നിടത്തുള്ള നടപടിക്രമം.—(1) ഒരാൾ സുപ്രീം കോടതിയുടേയോ ഒരു ഹൈക്കോടതിയുടെ സാന്നിദ്ധ്യത്തിലോ അത് കേൾക്കയോ ചെയ്ത കോർട്ടലക്ഷ്യത്തിന് അപരാധിയായിട്ടുണ്ടെന്ന്, ആരോപിക്കപ്പെടുകയോ, അതിന്റെ സ്വന്തം അഭിപ്രായത്തിൽ കാണപ്പെടുകയോ ചെയ്യുമ്പോൾ, കോടതിക്ക് അങ്ങനെയുള്ള ആളെ കസ്റ്റഡിയിൽ തടങ്ങലിൽ വയ്പ്പിക്കാവുന്നതും, അതേ ദിവസം കോടതി പിരിയുന്നതിനുമുമ്പ് ഏതെങ്കിലും സമയത്തോ അല്ലെങ്കിൽ, അതിനുശേഷം കഴിയുന്നത്ര നേരത്തേയോ, കോടതി—

(ക) അയാളുടെ മേൽ ചാർജ്ജ് ചെയ്യപ്പെട്ട അലക്ഷ്യത്തെക്കുറിച്ച് അയാൾക്ക് ലിഖിതമായി അറിവു കൊടുപ്പിക്കുകയും ;

(ഖ) ആ ചാർജിന് പ്രതിവാദം ചെയ്യാൻ അയാൾക്ക് ഒരു അവസരം നല്കുകയും ;

(ഗ) ആവശ്യമായതോ അയാൾ നൽകുന്നതോ ആയ തെളിവ് എടുക്കുകയും അയാൾക്ക് പറയാനുള്ളത് കേൾക്കുകയും ചെയ്തശേഷം തുടർന്ന് ചാർജിന്റെ വിഷയം ഉടനേയോ നീട്ടിവയ്ക്കലിനുശേഷമോ തീർപ്പാക്കുകയും;

(ഘ) അയാളെ ശിക്ഷിക്കുന്നതിനോ വിമോചിപ്പിക്കുന്നതിനോ, ഏതാണോ നീതിപൂർവ്വകമായുള്ളത്, അങ്ങനെയുള്ള ഉത്തരവ് പാസാക്കുകയും, ചെയ്യേണ്ടതും ആകുന്നു.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ആ ഉപവകുപ്പിൻകീഴിൽ അലക്ഷ്യത്തിന് ചാർജ്ജ് ചെയ്യപ്പെട്ടിട്ടുള്ള ഒരാൾ, അതിനെതിരായിട്ടുള്ള ചാർജ്ജ് ഏത് ജഡ്ജിയുടേയോ ജഡ്ജിമാരുടേയോ സാന്നിദ്ധ്യത്തിലോ ജഡ്ജിയോ ജഡ്ജിമാരോ കേൾക്കെയോ ആണോ കുററം ചെയ്തതായി ആരോപിക്കപ്പെട്ടിട്ടുള്ളത്, അവരിൽ ആരുമല്ലാത്ത ഏതെങ്കിലും ജഡ്ജി, വിചാരണ ചെയ്യണമെന്ന് വാക്കാലോ ലിഖിതമായോ അപേക്ഷിക്കുകയും, അങ്ങനെ ചെയ്യുന്നത് പ്രായോഗികമാണെന്നും ശരിയായ നീതിന്യായത്തിന്റെ താത്പര്യം മുൻനിറുത്തി ആ അപേക്ഷ അനുവദിക്കേണ്ടതാണെന്നും കോടതിക്ക് അഭിപ്രായം ഉണ്ടായിരിക്കുകയും ചെയ്യുന്നിടത്ത്, കോടതി, ആ വിഷയം കേസിന്റെ വസ്തുതകളുടെ ഒരു പ്രസ്താവനയോടുകൂടി ചീഫ്ജസ്ററിസിന്റെ മുമ്പാകെ, അതിന്റെ വിചാരണ സംബന്ധിച്ചുള്ള അദ്ദേഹത്തിന് യുക്തമെന്നു തോന്നുന്ന നിദേശങ്ങൾക്കായി, വയ്പിക്കേണ്ടതാകുന്നു.

(3) മറേറതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഏതൊരു ജഡ്ജിയുടേയോ ജഡ്ജിമാരുടേയോ സാന്നിദ്ധ്യത്തിലോ ജഡ്ജിയോ ജഡ്ജിമാരോ കേൾക്കെയോ ആണോകുററം ചെയ്തിട്ടുള്ളതായ ആരോപക്കപ്പെട്ടിട്ടുള്ളത്, അവരാരുമല്ലാത്തെ ഒരു ജഡ്ജി (2)–ാം ഉപതകുപ്പിൻ കീഴിനല്കിയിട്ടുള്ള നിർദേശത്തിന് അനുസൃതമായി നടത്തുന്ന, (1)-ാംഉപവകുപ്പിൻകീഴിലുള്ള അലക്ഷ്യത്തിന് ചാർജ്ജ് ചെയ്യപ്പെള്ള ഒരാളുടെ ഏതെങ്കിലും വിചാരണയിൽ, ഏത് ജഡ്ജിയുടേയോ ജഡ്ജികളുടേയോ സാന്നിദ്ധ്യ

ത്തിലോ ജഡ്ജിയോ ജഡ്ജിമാരോ കോടതിയോ ആണോ കുററം ചെയ്തിട്ടുള്ളതായി ആരോപിക്കപ്പെട്ടിട്ടുള്ളത്, ആ ജഡ്ജിയോ ജഡ്ജിമാരോ സാക്ഷിയായി ഹാജരാകുന്നത് ആവശ്യകമല്ലാത്തതും (2)-ാം ഉപവകുപ്പിൻകീഴിൽ ചീഫ്ജസ്ററീസിൻെറ മുമ്പാകെ വച്ചിട്ടുള്ള പ്രസ്താവന ആ കേസിൽ തെളിവായി പരിഗണിക്കപ്പെടുന്നതും ആകുന്നു.

(4) ചാർജ് തീർപ്പാകുന്നതുവരെ, കോടതിക്ക്, ഈ വകുപ്പിൻകീഴിൽ അലക്ഷ്യത്തിന് ചാർജ് ചെയ്യപ്പെട്ടിട്ടുള്ള ആളെ, അത് വി നിർദ്ദേശിക്കുന്ന കസ്ററഡിയിൽ തടങ്ങലിൽ വയ്ക്കുന്നതിന് നിദേശിക്കാവുന്നതാണ്:

എന്നാൽ ചാർജ് ചെയ്യപ്പെട്ടിട്ടുള്ള ആാം, ബാണ്ടിൽ പറഞ്ഞിട്ടുള്ള സമയത്തും സ്ഥലത്തും ഹാജരാകും എന്നും, കോടതി മററു വിധത്തിൽ നിദേശിക്കുന്നതുവരെ അങ്ങനെ ഹാജരാകുന്നത് തുടരും എന്നും ഉള്ള ഉപാധിയോടുകൂടിയതും ജാമ്യക്കാരോടുകൂടിയതോ അല്ലാത്തതും മതിയായതെന്ന് കോടതി കരുതുന്ന ഒരു തുകയ്ക്ക് ഉള്ളതുമായ ഒരു ബാണ്ട് ഒപ്പിട്ടു പൂർത്തീകരിക്കപ്പെടുന്നു എങ്കിൽ അയാളെ ജാമ്യത്തിൽ വിടേണ്ടതാകുന്നു.

എന്നുമാത്രമല്ല, കോടതിക്ക്, അത് യുക്തമെന്ന് കരുതുന്നു എങ്കിൽ, അങ്ങനെയുള്ള ആളിൽനിന്ന് ജാമ്യം സ്വീകരിക്കുന്നതിനുപകരം, മേല്പറഞ്ഞതുപോലെ അയാാം ഹാജരാകുന്നതിന് ജാമ്യക്കാരില്ലാത്ത ഒരു ബാണ്ട് അയാാം ഒപ്പിട്ടു പൂർത്തീകരിക്കുന്നതിൻമേൽ അയാളെ വിമോചിപ്പിക്കാവുന്നതും ആണ്.

15. <u>മററു സംഗതികളിൽ ക്രിമിനൽ അലക്ഷ്യം നടപടിക്ക് എടുക്കൽ.</u>—(1) 14-ാം വകുപ്പിൽ പറഞ്ഞ അലക്ഷ്യമല്ലാത്ത ക്രിമിനൽ അലക്ഷ്യത്തിൻെറ സംഗതിയിൽ, സുപ്രീം കോടതിക്കോ ഹൈക്കോടതിക്കോ സ്വമേധയാ അല്ലെങ്കിൽ,—

(ക) അഡ്വക്കേററ് ജനറലിൻേറയോ, അല്ലെങ്കിൽ,—

(ഖ) അഡ്വക്കേററ് ജനറലിൻെറ ലിഖിതമായ സമ്മതത്തോടുകൂടി മറേറതെങ്കിലും ആളുടേയോ അപേക്ഷയിൻമേൽ/
നടപടിക്കെടുക്കാവുന്നതാണ്.

(2) ഒരു കീഴ്ക്കോടതിയെ സംബന്ധിച്ച ഏതെങ്കിലും ക്രിമിനൽ അലക്ഷ്യത്തിൻെറ സംഗതിയിൽ, ഹൈക്കോടതിക്ക് കീഴ്ക്കോടതി അതിന് ചെയ്യുന്ന റഫറൻസിൻമേലോ, അല്ലെങ്കിൽ അഡ്വക്കേററ് ജനറലിൻേറയോ, അല്ലെങ്കിൽ ഒരു യൂണിയൻ രാജ്യക്ഷേത്രത്തെ സംബന്ധിച്ച്, ഈ ആവശ്യത്തിനുവേണ്ടി ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി കേന്ദ്ര ഗവൺമെൻറ് വി നിർദ്ദേശിക്കുന്ന ലാ ആഫീസറുടേയോ അപേക്ഷയിൻമേലോ നടപടി എടുക്കാവുന്നതാണ്.

(3) ഈ വകുപ്പിൻകീഴിൽ ചെയ്യുന്ന ഏതൊരു അപേക്ഷയും അല്ലെങ്കിൽ റഫറൻസും ചാർജ് ചെയ്യപ്പെട്ട ആാം ഏത് അലക്ഷ്യത്തിനാണോ അപരാധിയാണെന്ന് ആരോപിക്കപ്പെട്ടിട്ടുള്ളത്, ആ അലക്ഷ്യം, എന്താണെന്ന് വി നിർദ്ദേശിക്കേണ്ടതാണ്.

വിശദീകരണം :—ഈ വകുപ്പിൽ, "അഡ്വക്കെററ് ജനറൽ" എന്ന പദത്തിന്,

(ക) സുപ്രീം കോടതി സംബന്ധിച്ച്, അററോർണി ജനറലോ, അല്ലെങ്കിൽ സൊളിസിററർ ജനറലോ,

(ഖ) ഹൈക്കോടതി സംബന്ധിച്ച്, ആ സ്റേററിലേയോ അല്ലെങ്കിൽ ഏതു് സ്റേററുകൾക്കുവേണ്ടിയാണോ ഹൈക്കോടതി സ്ഥാപിക്കപ്പെട്ടിട്ടുള്ളത്, അവയിൽ ഏതിൻേറയെങ്കിലുമോ അഡ്വക്കേററ് ജനറലോ,

(ഗ) ഒരു ജുഡീഷ്യൽ കമ്മീഷണറുടെ കോടതിയെ സംബന്ധിച്ച് ഇതിലേക്കുവേണ്ടി കേന്ദ്രഗവൺമെൻറ് ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി വിനിർദ്ദേശിക്കുന്ന ലാ ആഫീസ്സറോ,

എന്നർത്ഥമാകുന്നു.

16. ജഡ്ജിയാലോ മജിസ്ട്രേററിനാലോ ജുഡീഷ്യലായി പ്രവർത്തിക്കുന്ന മററാളാലോ ഉള്ള അലക്ഷ്യം.—(1) തൽസമയം പ്രാബല്യത്തിലിരിക്കുന്ന ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്കു വിധേയമായി,

ഒരു ജഡ്ജിയും, മജിസ്ട്രേററും, ജുഡീഷ്യലായി പ്രവർത്തിക്കുന്ന മററാളുംകൂടി സ്വന്തം കോടതിയേയോ മറേറതെങ്കിലും കോടതിയേയോ സംബന്ധിക്കുന്ന അലക്ഷ്യത്തിന്, മറേറത് വ്യക്തിയും ഉത്തരവാദിയാകുന്ന അതേ രീതിയിൽ ഉത്തരവാദിയാകുന്നതും ഈ ആക്ററിലെ വ്യവസ്ഥകൾ അതനുസരിച്ച് ആകാവുന്നതും ബാധകമാകുന്നതും ആണ്.

(2) ഈ വകുപ്പിലെ യാതൊന്നും, ഒരു ജഡ്ജിയോ മജിസ്ട്രേററോ ജുഡീഷ്യലായി പ്രവർത്തിക്കുന്ന മററാളോ തൻെറ മുമ്പാകെ നിലവിലിരിക്കുന്നതും ഒരു കീഴ്ക്കോടതിയുടെ ഉത്തരവിനോ വിധിന്യായത്തിനോ എതിരായിട്ടുള്ളതുമായ ഒരു അപ്പീലിലോ റിവിഷനിലോ ആ കീഴ്ക്കോടതി സംബന്ധിച്ച് ചെയ്യുന്ന ഏതെങ്കിലും അഭിപ്രായപ്രകടനത്തിനോ റിമാർക്കിനോ ബാധകമാകുന്നതല്ല.

17. നടപടിക്കെടുക്കുന്നതിനുശേഷമുള്ള നടപടിക്രമം.—(1) റിക്കാർഡാക്കുന്ന കാരണങ്ങളാൽ, കോടതി മററു വിധത്തിൽ നിദേശിക്കാത്തപക്ഷം 15-ാം വകുപ്പിൻകീഴിൽ ഉള്ള ഏതൊരു നടപടിയുടേയും നോട്ടീസ് ചാർജ് ചെയ്യപ്പെട്ടിട്ടുള്ള ആൾക്ക് നേരിട്ട് നടത്തേണ്ടതാകുന്നു.

(2) നോട്ടീസ്സോടൊപ്പം,—

(ക) ഒരു അപേക്ഷയിൻമേൽ ആരംഭിച്ചിട്ടുള്ള നടപടികളുടെ സംഗതിയിൽ, ആ അപേക്ഷയുടെ ഒരു പകർപ്പും, അതിന് അടിസ്ഥാനമായ സത്യവാങ്മൂലങ്ങൾ വല്ലതും ഉണ്ടെങ്കിൽ, അവയുടെ പകർപ്പുകളും;

(ഖ) ഒരു കീഴ്ക്കോടതിയുടെ ഒരു റഫറൻസിൻമേൽ ആരംഭിച്ചിട്ടുള്ള നടപടികളുടെ സംഗതിയിൽ, ആ റഫറൻസിൻെറ ഒരു പകർപ്പും, ഉണ്ടായിരിക്കേണ്ടതാണ്.

(3) 15-ാം വകുപ്പിൻകീഴിൽ ചാർജ് ചെയ്യപ്പെട്ടിട്ടുള്ള ആൾ, നോട്ടീസ് നടത്തുന്നത് ഒഴിവാക്കാൻവേണ്ടി ഒളിവിൽ പോകാനോ ഒഴിഞ്ഞുമാറാനോ ഇടയുണ്ടെന്ന് ബോദ്ധ്യമാകുന്നുവെങ്കിൽ, കോടതിക്ക് അതിന് ന്യായമാണെന്ന് കരുതുന്ന മൂല്യമുള്ളതോ തുകയ്ക്കുള്ളതോ ആയ അയാളുടെ വസ്തു ജപ്തി ചെയ്യാൻ ഉത്തരവു പുറപ്പെടുവിക്കാവുന്നതാണ്.

(4) (3)-ാം ഉപവകുപ്പിൻ കീഴിലുള്ള ഏതൊരു ജപ്തിയും, പണത്തിനുള്ള വിധിയുടെ വിധിനടത്തലിൽ വസ്തു ജപ്തി ചെയ്യുന്നതിന് സിവിൽ നടപടി നിയമസംഹിത, 1908-ൽ (1908-ലെ 5) വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ നടത്തേണ്ടതും, ആ ജപ്തിക്കുശേഷം, ചാർജ് ചെയ്യപ്പെട്ട ആറം ഹാജരാകുകയും നോട്ടീസ് നടത്തുന്നത് ഒഴിവാക്കാൻവേണ്ടി താൻ ഒളിവിൽ പോവുകയോ ഒഴിഞ്ഞുമാറുകയോ ചെയ്തിട്ടില്ലെന്ന് കോടതിയെ ബോദ്ധ്യപ്പെടുത്തുകയും ചെയ്യുന്നു എങ്കിൽ, കോടതിക്ക് യുക്തമെന്നു തോന്നുന്നതുപോലെ കോടതിച്ചെലവു സംബന്ധിച്ചോ നിബന്ധനകളിൻമേലോ അല്ലാതേയോ കോടതി അയാളുടെ വസ്തു ജപ്തിയിൽനിന്ന് വിടുവിക്കാൻ ഉത്തരവു പുറപ്പെടുവിക്കേണ്ടതുമാകുന്നു.

(5) 15-ാം വകുപ്പിൻകീഴിൽ അലക്ഷ്യത്തിന് ചാർജ് ചെയ്യപ്പെട്ടിട്ടുള്ള ഏതെങ്കിലും ആറക്ക്, തൻെറ പ്രതിവാദത്തിന് താങ്ങായ ഒരു സത്യവാങ്മൂലം ഫയൽ ചെയ്യാവുന്നതും, കോടതിക്ക് ഫയൽ ചെയ്തിട്ടുള്ള സത്യവാങ്മൂലങ്ങളിൻമേലോ ആവശ്യമാകുന്ന കൂടുതൽ തെളിവ് എടുത്തതിനുശേഷമോ ചാർജിൻെറ വിഷയം തീർപ്പാക്കുകയും ആ സംഗതിയിൽ നീതിക്ക് നിരക്കുന്ന ഉത്തരവ് പാസ്സാക്കുകയും ചെയ്യാവുന്നതുമാണ്.

18. <u>ക്രിമിനൽ അലക്ഷ്യ കേസുകറം കേറംക്കുന്നത് ബഞ്ചുകറം ആകണമെന്ന്.</u>—(1) 15-ാം വകുപ്പിൻകീഴിലുള്ള ക്രിമിനൽ അലക്ഷ്യം സംബന്ധിച്ച് ഏതൊരു കേസും, രണ്ട് ജഡ്ജിമാരിൽ കുറയാതെയുള്ള ഒരു ബഞ്ച് കേറംക്കുകയും തീർപ്പാക്കുകയും ചെയ്യേണ്ടതാകുന്നു.

(2) (1)-ാം ഉപവകുപ്പ് ജുഡിഷ്യൽ കമ്മീഷണറുടെ കോടതിക്ക് ബാധകമാകുന്നതല്ല.

19. <u>അപ്പീലുകറം.</u>—(1) അലക്ഷ്യത്തിന് ശിക്ഷിക്കാനുള്ള അധികാരിതയുടെ പ്രയോഗത്തിലുള്ള ഹൈക്കോടതിയുടെ ഏതെങ്കിലും ഉത്തരവിൽനിന്നോ തീരുമാനത്തിൽനിന്നോ—

(ക) ആ ഉത്തരവോ തീരുമാനമോ ഏക ജഡ്ജിയുടേതായിരിക്കുന്നിടത്ത്, ആ കോടതിക്ക് രണ്ട് ജഡ്ജിമാരിൽ കുറയാതെയുള്ള ഒരു ബഞ്ചിലേക്കും;

(ഖ) ആ ഉത്തരവോ തീരുമാനമോ ഒരു ബഞ്ചിൻേറതായിരിക്കുന്നിടത്ത്, സുപ്രീം കോടതിയിലേക്കും;

അവകാശ നിലയിൽ അപ്പീൽ ഉണ്ടായിരിക്കുന്നതാണ്:

എന്നാൽ ആ ഉത്തരവോ തീരുമാനമോ ഏതെങ്കിലും യൂണിയൻ രാജ്യക്ഷേത്രത്തിലെ ജുഡീഷ്യൽ കമ്മീഷണറുടെ കോടതിയുടേതായിരിക്കുന്നിടത്ത്, സുപ്രീം കോടതിയിലേക്ക് അങ്ങനെയുള്ള അപ്പീൽ ഉണ്ടായിരിക്കുന്നതാണ്.

(2) ഏതെങ്കിലും അപ്പീൽ നിലവിലിരിക്കുമ്പോറം, അപ്പീൽ കോടതിക്ക്—

(ക) അപ്പീൽ ബോധിപ്പിക്കപ്പെട്ടിട്ടുള്ളത് ഏതു ശിക്ഷയ്ക്കോ ഉത്തരവിന്നോ എതിരായാണോ ആ ശിക്ഷയോ ഉത്തരവോ, നടത്തുന്നത് നിറുത്തിവയ്ക്കാനും ;

(ഖ) അപ്പീൽവാദി തടങ്ങലിലാണെങ്കിൽ അയാളെ ജാമ്യത്തിൽ വിടാനും

(ഗ) അപ്പീൽവാദി തൻെറ അലക്ഷ്യത്തിന് പ്രതിവിധി ചെയ്തിട്ട ല്ലെന്നിരുന്നാലും അപ്പീൽ കേൾക്കാനും, ഉത്തരവ് പുറപ്പെടുവി ക്കാവുന്നതാണ്.

(3) അപ്പീൽ ബോധിപ്പിക്കപ്പെടാവുന്ന ഏതെങ്കിലും ഉത്തരവു മൂലം സങ്കടമുള്ള ഏതെങ്കിലും ആൾ താൻ അതിനെതിരായി അപ്പീൽ ബോധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് ഹൈക്കോടതിയെ ബോധ്യ പ്പെടുത്തുന്നിടത്ത്, ഹൈക്കോടതിക്ക് (2)-ാം ഉപവകുപ്പ് നല്കുന്ന എല്ലാ അധികാരങ്ങളുമോ അവയിൽ ഏതെങ്കിലുമോ കൂടി പ്രയോഗിക്കാവുന്നതാണ്.

(4) (1)-ാം ഉപവകുപ്പിൻകീഴിലുള്ള അപ്പീൽ, ഏത് ഉത്തരവിൻമേ ലാണോ അപ്പീൽ ബോധിപ്പിക്കപ്പെട്ടിരുന്നത്, ആ ഉത്തരവിൻെറ തീയതി മുതൽ,—

(ക) ഹൈക്കോടതിയിലെ ഒരു ബഞ്ചിലേക്കുള്ള അപ്പീലിൻെറ സംഗതി യിൽ മുപ്പത് ദിവസത്തിനകവും,

(ഖ) സുപ്രീം കോടതിയിലേക്കുള്ള അപ്പീലിൻെറ സംഗതിയിൽ അറു പതു ദിവസത്തിനകവും, ഫയൽ ചെയ്യേണ്ടതാകുന്നു.

20. അലക്ഷ്യത്തിനുള്ള നടപടികളുടെ കാലഹരണം.—യാതൊരു കോടതിയും, അലക്ഷ്യത്തിനുള്ള ഏതെങ്കിലും നടപടി, അലക്ഷ്യം ചെയ്ത തായി ആരോപിക്കപ്പെടുന്ന തീയതി മുതൽ ഒരു വർഷത്തെ കാലാവധി അവസാ നിച്ചതിനുശേഷം സ്വമേധയാ ആയോ അല്ലാതേയോ ആരംഭിക്കാൻ പാടുള്ളതല്ല.

21. ആക്ററ് ന്യായപഞ്ചായത്തുകൾക്കോ മററ് വില്ലേജു കോടതികൾക്കോ ബാധകമാകുന്നതല്ലെന്ന്.—ഈ ആക്ററിൽ അടങ്ങിയ യാതൊന്നും ന്യായപഞ്ചാ യത്തുകളേയോ നീതിന്യായ ഭരണത്തിനുവേണ്ടി ഏതെങ്കിലും നിയമത്തിൻ കീഴിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള മററു വില്ലേജ് കോടതികളേയോ, അവ ഏത് പേരിനാൽ അറിയപ്പെടുന്നതായാലും, സംബന്ധിക്കുന്ന അലക്ഷ്യം സംബ ന്ധിച്ച് ബാധകമാകുന്നതല്ല.

22. ആക്ററ് അലക്ഷ്യം സംബന്ധിച്ച മററ് നിയമങ്ങൾക്ക് പുറമെ യുള്ളതും അവയ്ക്ക് ന്യൂനത വരുത്താത്തതും ആണെന്ന്.—ഈ ആക്ററിലെ വ്യവസ്ഥകൾ, കോർട്ടലക്ഷ്യം സംബന്ധിച്ച മറേറതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്ക് പുറമേയുള്ളതും അവയ്ക്ക് ന്യൂനത വരുത്താത്തതും ആയിരിക്കുന്നതാണ്.

23. ചട്ടങ്ങൾ ഉണ്ടാക്കാൻ സുപ്രീം കോടതിക്കോ ഹൈക്കോടതികൾക്കോ ഉള്ള അധികാരം.—സുപ്രീം കോടതിക്കോ അല്ലെങ്കിൽ, അതതു സംഗതിപോലെ, ഏതെങ്കിലും ഹൈക്കോടതിക്കോ, അതിൻെറ നടപടിക്രമം സംബന്ധിക്കുന്ന ഏതെങ്കിലും വിഷയത്തിന് വ്യവസ്ഥ ചെയ്യുന്നതും ഈ ആക്ററിലെ വ്യവ സ്ഥകൾക്ക് അസംഗതമല്ലാത്തതും ആയ ചട്ടങ്ങൾ ഉണ്ടാകാവുന്നതാണ്.

24. റദ്ദാക്കൽ.—കോർട്ടലക്ഷ്യ ആക്ററ്, 1952 (1952-ലെ 32) ഇതി നാൽ റദ്ദാക്കിയിരിക്കുന്നു.